15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481 10-10-2024 - ൽ മറുപടിയ്ക്ക്

പട്ടയം കൊടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാന്തലാട് വില്ലേജിലെ ഒരങ്കോകുന്ന്, മണ്ടോപ്പാറ നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ എന്നീ പ്രദേശങ്ങളിലായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 54 പേർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കുടുംബങ്ങൾ കൈവശം വെച്ചുവരുന്ന ഭൂമി 'നോട്ട് ഫൈനൽ റിക്കാർഡ്" (Not Final Record) പ്രകാരമുള്ള സർവ്വെ നമ്പറുകളായ 1961/2, 2006/1, 2003/3, 1920/1, 1926/1 എന്നിവയിൽ ഉൾപ്പെട്ടതാണ്. 1961/2, 2006/1, 2003/3 എന്നീ സർവ്വെ നമ്പറുകളിലാണ് ഒരങ്കോകുന്ന് നഗർ ഉൾപ്പെട്ടു വരുന്നത്. ഇതിൽ 1961/2 നമ്പർ സർവ്വെ നമ്പറിന്റെ തരം "പാറ പുറമ്പോക്ക്" എന്നും 2006/1, 2003/3 എന്നിവയുടെ തരം "പാറ" എന്നും മേൽ സർവ്വെ നമ്പറുകളുടെ ജന്മി "മല്ലിശ്ശേരി കോവിലകം വലിയ തമ്പുരാട്ടി" എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തലയാട് നഗർ ഉൾപ്പെട്ടു വരുന്ന പ്രദേശത്തെ സംബന്ധിച്ച് സർവേ നമ്പറായ 1920/1- ന്റെ തരം 'പാറ പുറമ്പോക്ക് എന്നും "ജന്മി ഇല്ല" എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ടോപ്പാറ നഗർ ഉൾപ്പെട്ടു വരുന്ന സർവ്വെ നമ്പറായ 1926/1-ന്റെ തരം "പുറമ്പോക്കും" "ജന്മി ഇല്ല" എന്നും രേഖപ്പെടുത്തിയിരിക്കുന്നു.<br><br>ഒരങ്കോകുന്ന് നഗർ-14, തലയാട് നഗർ-21 , മണ്ടോപ്പാറ നഗർ-19 എന്നിങ്ങനെയാണ് കൈവശക്കാരുടെ എണ്ണം. ഇവയിൽ ഒരങ്കോകുന്ന് നഗറിൽ ഉൾപ്പെടുന്ന 14 കേസുകളിൽ ജന്മി ഉള്ളതായി രേഖപ്പെടുത്തലുകൾ ഉള്ളതിനാൽ അവയ്ക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയമാണ് അനുവദിക്കുവാൻ സാധിക്കുന്നത്. ആയതിനായി ടി കൈവശക്കാർക്ക് എൽ.റ്റി പട്ടയങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ സ്റ്റേറ്റ് ലാൻഡ് ബോർഡ് മുൻപാകെ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br><br>ശേഷിക്കുന്ന തലയാട്, മണ്ടോപ്പാറ പ്രദേശങ്ങളിലെ 40 കൈവശക്കാരുടെ കൈവശവിവരങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തിരമായി ലഭ്യമാക്കി അവർക്കു കൂടി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നഗറുകളിലെ നിവാസികൾക്ക് പലർക്കും ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ചിട്ടും പട്ടയം ഇല്ല എന്ന കാരണത്താൽ വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ എന്നീ പ്രദേശങ്ങളിലായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 54 പേർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കുടുംബങ്ങൾ കൈവശം വെച്ചുവരുന്ന ഭൂമി 'നോട്ട് ഫൈനൽ റിക്കാർഡ്" (Not Final Record) പ്രകാരമുള്ള സർവ്വെ നമ്പരുകളായ 1961/2, 2006/1, 2003/3, 1920/1, 1926/1 എന്നിവയിൽ ഉൾപ്പെട്ടതാണ്. 1961/2, 2006/1, 2003/3 എന്നീ സർവ്വെ നമ്പരുകളിലാണ് ഒരങ്കോകുന്ന് നഗർ ഉൾപ്പെട്ടു വരുന്നത്. ഇതിൽ 1961/2 നമ്പർ സർവ്വെ നമ്പരിന്റെ തരം "പാറ പുറമ്പോക്ക്" എന്നും 2006/1, 2003/3 എന്നിവയുടെ തരം "പാറ" എന്നും മേൽ സർവ്വെ നമ്പരുകളുടെ ജന്മി "മല്ലിശ്ശേരി കോവിലകം വലിയ തമ്പുരാട്ടി" എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തലയാട് നഗർ ഉൾപ്പെട്ടു വരുന്ന പ്രദേശത്തെ സംബന്ധിച്ച് സർവേ നമ്പറായ 1920/1- ന്റെ തരം 'പാറ പുറമ്പോക്ക് എന്നും "ജന്മി ഇല്ല" എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ടോപ്പാറ നഗർ ഉൾപ്പെട്ടു വരുന്ന സർവ്വെ നമ്പരായ 1926/1-ന്റെ തരം "പുറമ്പോക്കും" "ജന്മി ഇല്ല" എന്നും രേഖപ്പെടുത്തിയിരിക്കുന്നു.<br><br>ഒരങ്കോകുന്ന് നഗർ-14, തലയാട് നഗർ-21 , മണ്ടോപ്പാറ നഗർ-19 എന്നിങ്ങനെയാണ് കൈവശക്കാരുടെ എണ്ണം. ഇവയിൽ ഒരങ്കോകുന്ന് നഗറിൽ ഉൾപ്പെടുന്ന 14 കേസുകളിൽ ജന്മി ഉള്ളതായി രേഖപ്പെടുത്തലുകൾ ഉള്ളതിനാൽ അവയ്ക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയമാണ് അനുവദിക്കുവാൻ സാധിക്കുന്നത്. ആയതിനായി ടി കൈവശക്കാർക്ക് എൽ.റ്റി പട്ടയങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ സ്റ്റേറ്റ് ലാൻഡ് ബോർഡ് മുൻപാകെ സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്ന തലയാട്, മണ്ടോപ്പാറ പ്രദേശങ്ങളിലെ 40 കൈവശക്കാരുടെ കൈവശവിവരങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തിരമായി ലഭ്യമാക്കി അവർക്കു കൂടി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ